(iv) വ്യാപാരികളെ പീഡിപ്പിക്കുന്നതായി പരാതി ലഭിച്ചാൽ അന്വേഷണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ അനുവദിക്കുന്ന തുകകൾ കാലതാമസം കൂടാതെ ട്രഷറികളിൽ നിന്നും ലഭിക്കുന്നതിന് നടപടി

19 [3272] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുവദിക്കുന്ന തുകകൾ കാലതാമസം കൂടാതെ ട്രഷറികളിൽനിന്നും ലഭിക്കുന്നതിന് എന്തെങ്കിലും പരിഷ്കാരങ്ങൾ ധനകാര്യ വകുപ്പിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ ഉയർന്ന പലിശനിരക്കിലുള്ള കടങ്ങൾ കുറഞ്ഞ പലിശ നിരക്കിലുള്ള കടങ്ങളായി മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. വിവിധ വകുപ്പുകൾ പ്രതിമാസം ചെലവഴിക്കാൻ അനുവദനീയമായ തുകയുടെ പരിധി ധനകാര്യ വകുപ്പ് നിർണ്ണയിക്കുന്നതിനുപകരം വകുപ്പുതലവന്മാരെ ചുമതലപ്പെടുത്തി. വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളും തൊഴിലില്ലായ്മാ വേതനവും എല്ലാ പ്രവൃത്തി ദിവസങ്ങളിലും വിതരണം നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉയർന്ന പലിശനിരക്കിലുള്ള കടങ്ങൾ കുറഞ്ഞ പലിശനിരക്കിലുള്ള കടങ്ങളായി മാറ്റുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഡെറ്റ് സ്വാപ് പദ്ധതിയിൽ സംസ്ഥാനവും പങ്കാളിയായിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഉയർന്ന പലിശ നിരക്കിലുണ്ടായിരുന്ന 2904.18 കോടി രൂപയുടെ കടം കുറഞ്ഞ പലിശനിരക്കിൽ കടമെടുത്തു വീട്ടിയിട്ടുണ്ട്.

വണ്ടൂരിൽ സബ്ട്രഷറി ആരംഭിക്കാൻ നടപടി

20 [3273] *ശ്രീ. കെ. എൻ. എ. ഖാദർ:*

" *ഇസ്ഹാക്ക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതിയ സബ്ട്രഷറികൾ ആരംഭിക്കുമെന്ന് 2005 സംസ്ഥാന ബജറ്റ് അവതരണവേളയിൽ സർക്കാർ പ്രഖ്യാപിച്ചിരുന്നത് ഏതൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly